

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ(ഡബ്ല്യു.വൈ.ഡി) ഇ3- 238/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 29/03/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ

നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.എ.ഡി.സി.ജനറൽ,വയനാട്

2.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ

3.ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ(ഡബ്ല്യു.വൈ.ഡി) തീയ്യതി: 29/03/2023
ഇ3- 238/2023

വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 30-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി വസന്ത പി.എസ്	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	07-03-2023	15-03-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-03-2023	15-03-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ലീലാകൃഷ്ണൻ നന്ദനത്ത് മഠം, ഓഡിറ്റ് ഓഫീസർ,
ശ്രീ നവാസ് കെ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ സമീർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി ഇന്ദു കെ നായർ , സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജസ്റ്റിൻ ബേബി	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ സാബു കെ മാർക്കോസ്	സെക്രട്ടറി	01-04-2021	20-06-2021

ശ്രീ എം.കെ ജയൻ	സെക്രട്ടറി	21-06-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ദൊരൈസ്വാമി പി ആർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2021	01-11-2021
ശ്രീ കുഞ്ഞമ്മദ് കെ പി	അസിസ്റ്റന്റ് എഞ്ചിനീയർ	02-11-2021	01-02-2022
ശ്രീമതി ലിജി വർഗ്ഗീസ്	അസിസ്റ്റന്റ് എഞ്ചിനീയർ	02-02-2022	31-03-2022
ശ്രീ കൃഷ്ണൻകുട്ടി പി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2021	11-10-2021
ശ്രീ പ്രശാന്ത് എൻഎസ്	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	12-10-2021	01-11-2021
ശ്രീ അനൂപ് രാജ് പി ആർ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	02-11-2021	02-11-2021

ശ്രീ ദൊരൈസ്വാമി പി.ആർ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	03-11-2021	31-03-2022
ശ്രീ ഗുണശേഖരൻ	അസിസ്റ്റൻറ് ഡയറക്ടർ,കൃഷി	01-04-2021	02-05-2021
ശ്രീ രാമനുണ്ണി	അസിസ്റ്റൻറ് ഡയറക്ടർ,കൃഷി	03-05-2021	31-03-2022
ശ്രീമതി ജയശ്രീ എം	സി ഡി പി ഒ	01-04-2021	01-11-2021
ശ്രീമതി ബീന സി	സി ഡി പി ഒ	02-11-2021	31-03-2022
ശ്രീ പ്രമോദ്	ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	05-01-2022
ശ്രീ ഇസ്മായിൽ സി	ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ	06-01-2022	31-03-2022
ശ്രീ അനീഷ് കുമാർ	പട്ടികജാതി വികസന ഓഫീസർ	01-04-2021	31-03-2022
ഡോ സതീഷ് കുമാർ	സീനീയർ വെറ്ററിനറി സർജൻ	01-04-2021	19-07-2021

ഡോ ഫഹ്മിദ വി	സീനീയർ വെറ്ററിനറി സർജൻ	20-07-2021	26-07-2021
ഡോ ദയാൽ എസ്	സീനീയർ വെറ്ററിനറി സർജൻ	27-11-2021	30-11-2021
ഡോ ജവഹർ കെ	സീനീയർ വെറ്ററിനറി സർജൻ	01-12-2021	28-02-2022
ഡോ ദയാൽ എസ്	സീനീയർ വെറ്ററിനറി സർജൻ	01-03-2022	31-03-2022
ശ്രീ നിഷാദ് വി കെ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	31-03-2022
ഡോ നീതു	മെഡിക്കൽ ഓഫീസർ (സി. എച്ച് സി),പേര്യ	01-04-2021	31-03-2022
ഡോ ഉമേഷ് പി കെ	മെഡിക്കൽ ഓഫീസർ (സി. എച്ച് സി), പൊരുന്നന്നൂർ	01-04-2021	31-03-2022
ഡോ സാവൻ സാറ	മെഡിക്കൽ ഓഫീസർ (സി. എച്ച് സി), നല്ലീർനാട്	01-04-2021	31-03-2022

ശ്രീമതി അർച്ചന	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബഡ്ജറ്റ്	1-1
2	വാർഷികധനകാര്യപത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	ക്യാഷ് പരിശോധന	1-6
7	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-7
8	ആഭ്യന്തര നിയന്ത്രണം	1-8
9	വാർഷിക കണക്കുകളിലെ അപാകങ്ങൾ	1-9
10	വനിതകൾക്കായുള്ള വിപണന കേന്ദ്രം - മുറികൾ വാടകയ്ക്ക് നൽകി-രജിസ്റ്റർ ക്രമ പ്രകാരമല്ല.	1-10
11	ബില്ലുകൾ ഹാജരാക്കിയില്ല.	1-11-1
12	സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റായില്ല.	1-11-2
13	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(105/22)- രേഖകൾ ഹാജരാക്കിയില്ല	1-11-3

14	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അപാകതകൾ	1-11
15	സായാഹ്ന ഒ പി ഡോക്ടർമാരുടെ വേതനം- ആദായ നികുതി , തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല	1-12
16	മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല	1-13
17	കനിവ് -സഞ്ചരിക്കുന്ന ആതുരാലയം-താൽകാലിക ജീവനക്കാരിൽ നിന്നും ആദായ നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല	1-14
18	വനിതാ സ്നേഹ തീരം -കെട്ടിടം മാനന്തവാടി - പ്രവർത്തനക്ഷമമായില്ല.	1-15
19	നെൽകൃഷി പ്രോത്സാഹനം - കൂലി ചെലവ് നൽകൽ - ബില്ലുകൾ, ട്രഷറി ബിൽ ബുക്ക്, ക്യാഷ് ബുക്ക് എന്നിവ ഹാജരാക്കിയില്ല	1-16
20	ചെയ്യാത്ത പ്രവൃത്തികളുടെ തുക BOQ തുകയിൽ നിന്നും കുറക്കുന്നതിന് പകരം ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും കുറച്ചു അധിക ചെലവ്	1-17
21	നെയിം ബോർഡ് സ്ഥാപിക്കൽ പ്രവൃത്തി നടത്താതെ തുക അനുവദിച്ചതാനാൽ അധിക ചെലവ്	1-18
22	ലക്ഷങ്ങൾ ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതികൾ ലക്ഷ്യം കണ്ടില്ല.	1-19

ഭാഗം 2

--- No Records Found ---

ഭാഗം 3		
1	ചെയ്യാത്ത പ്രവൃത്തികളുടെ തുക BOQ തുകയിൽ നിന്നും കുറക്കുന്നതിന് പകരം ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും കുറച്ചു അധിക ചെലവ്	3-1
2	നെയിം ബോർഡ് സ്ഥാപിക്കൽ പ്രവൃത്തി നടത്താതെ തുക അനുവദിച്ചതാനാൽ അധിക ചെലവ്	3-2
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	Abstracts Of Annual Financial Statements

ഭാഗം -1
പൊതു അവലോകനം

1-1 ബഡ്ജറ്റ്.

18/03/202 തീയതിയിലെ 1/115/2021-22 -ാം തീരുമാനപ്രകാരം താഴെ പറയുന്ന രീതിയിൽ ബഡ്ജറ്റ് അംഗീകരിച്ചു.

മുന്നിരിപ്പ്	6,51,021
വരവ്	79,99,36,000
ആകെ	80,05,87,021
ചെലവ്	79,96,06,500
നീക്കിയിരിപ്പ്	9,80,521

എ) ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

മാനന്തവാടി ബ്ലോക്ക്പഞ്ചായത്തിന്റെ 2021-22 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

2021-22 വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നിർവഹണോദ്യോഗസ്ഥരോട് വിവരങ്ങൾ ആവശ്യപ്പെട്ടതായോ നിർവഹണോദ്യോഗസ്ഥരുടെയും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും യോഗം വിളിച്ച വിവരങ്ങളോ ,അവലോകന/കൂടിയാലോചനാവിവരങ്ങളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

സെക്രട്ടറി ,വിവിധ ഓഫിസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല.

<u>ബി) ബഡ്ജറ്റ് പൂർണ്ണമല്ല</u>

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/ തസ്വഭവ, തീയതി. 02.12.2016) ഖണ്ഡിക 3.1 പ്രകാരം ബഡ്ജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബഡ്ജറ്റ് പ്രസംഗം.
2. ബഡ്ജറ്റ് നോട്ട്സ്.
3. ബഡ്ജറ്റ് സ്റ്റേറ്റ്മന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും.
4. പെർഫോമൻസ് ബഡ്ജറ്റ്.

5. ജെന്റർ ബഡ്ജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ ബഡ്ജറ്റ് സ്റ്റേറ്റ്മന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ മാനന്തവാടി ബ്ലോക്ക്പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2020-21 വർഷത്തെ ബഡ്ജറ്റുകൾ അപൂർണ്ണമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2022	21.05.2022	-	-

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	5,29,62,499
വരവ്	16,45,68,822
ആകെ	21,75,31,321
ചെലവ്	16,14,73,985
നീക്കിയിരിപ്പ്	5,60,57,336

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്- ജനറൽ (ACR പ്രകാരം)	0	3,94,55,569	3,94,55,569	3,77,10,257	17,45,312
വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം)		38,12,000	38,12,000	38,12,000	0
വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം)		3,14,56,409	3,14,56,409	3,04,69,613	9,86,796
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)		1,44,08,850	1,44,08,850	93,53,221	50,55,629
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) (ACR പ്രകാരം)		1,69,94,907	1,69,94,907	1,27,88,921	42,05,986
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) (ACR പ്രകാരം)		79,52,661	79,52,661	79,08,366	44,295
ജനറൽ പർപ്പസ് ഗ്രാന്റ്	9,94,750	56,36,000	66,30,750	56,27,000	10,03,750

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
114	194845899	97	111468518	0	17	85%

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
സി.ഡി.പി.ഒ	2	2	2727548	2727548	100
സെക്രട്ടറി	21	17	81852989	33946805	41.47
മെഡിക്കൽ ഓഫീസർ , സി.എച്ച്.സി	10	9	9093435	8617138	94.76
പട്ടികജാതി വികസന ഓഫീസർ	3	3	2247000	2240400	99.7
ട്രൈബൽ ഡവലപ്പമെന്റ് ഓഫീസർ	1	1	3550000	3495000	98.45
അസിസ്റ്റന്റ് ഡയറക്ടർ,കൃഷി	1	1	2501870	2501870	100
അസിസ്റ്റന്റ് ഡയറക്ടർ / സീനിയർ വെറ്ററിനറി സർജൻ / ഡയറി എക്സ്റ്റൻഷൻ ഓഫീസർ	4	4	39101157	19258603	49.25

ഇൻഡ്സ്ട്രീസ് എക്സ്റ്റൻ്ഷൻ ഓഫീസർ	1	1	600000	600000	100
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	4	4	10121103	7868683	77.74
അസിസ്റ്റന്റ് എഞ്ചിനീയർ	67	55	43050797	30212471	69.97
	114	97	194845899	111468518	57.2

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.03.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു .

1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമെൻസ് ഓഡിറ്റ്	22.10.2018 – 26.10.2018	2015-16 മുതൽ 18-19 വരെ	16/08/2019
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	11.03.2019- 25.03.2019	01.01.2016 മുതൽ 31.12.2018	06/05/2019

1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക്പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബ്ലോക്ക്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.
സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ബ്ലോക്ക്പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ബ്ലോക്ക്പഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതുംപ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്.

വിവിധസ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സുകൾ പരിശോധിച്ചതിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ നിർവഹിക്കേണ്ടതായ എല്ലാ ചുമതലകളും പരിഗണിച്ചതായി കാണുന്നില്ല.വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോഗങ്ങളിൽ പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് ചെലവുശതമാനം പരിശോധിക്കുന്നുണ്ടെങ്കിലും പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല.

ആരോഗ്യ വിദ്യാഭ്യാസസ്റ്റാൻഡിംഗ് കമ്മിറ്റി മാലിന്യസംസ്കരണം, സ്കൂളുകളുടെ ഭൗതികസാഹചര്യം,പകർച്ചവ്യാധി പ്രതിരോധനടപടികൾ എന്നീമേഖലകളിൽ ശ്രദ്ധ ചെലുത്തിയത് അഭിനന്ദനാർഹമാണ്. ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുന്നതുസംബന്ധിച്ച് അടുത്തയോഗത്തിൽ വിലയിരുത്തൽ നടത്തുന്നതായി കാണുന്നില്ല.ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളിലല്ലാതെ ,ഗ്രാമപഞ്ചായത്തിന്റെ സമ്മതപത്രം കൂടാതെയാണ് പല

പദ്ധതികളും ഏറ്റെടുത്തിട്ടുള്ളത്.ജില്ലാപഞ്ചായത്ത് ,ഗ്രാമപഞ്ചായത്ത് എന്നിവർ നടപ്പാക്കിയ പദ്ധതികളുടെ പൂർത്തീകരണപദ്ധതികൾ വിശദമായ റിപ്പോർട്ട് പോലുമില്ലാതെ ഏറ്റെടുത്തിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്യാത്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്ന പ്രവണതയും ഉണ്ട്.

1-9 വാർഷിക കണക്കുകളിലെ അപാകങ്ങൾ

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1.ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ബാലൻസ് ഷീറ്റിലെ ബി-11 പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യത്തിന്റ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

2.മുൻവർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല.

3.മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

4.പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള പല ഗ്രാന്റുകൾക്കും പ്രത്യേക ട്രഷറി/ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഫണ്ടുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർഎഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് തുക സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. ഷെഡ്യൂൾ ബി4., ഷെഡ്യൂൾ ബി17 എന്നിവ പൊരുത്തപ്പെടുന്നില്ല.

7.ബി4ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

8. തനത് ഫണ്ട് അക്കൗണ്ടിൽ തനത് ഫണ്ടിന് പുറമെ മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുകകളും നിക്ഷേപിക്കുന്നതായി കാണുന്നു. ഇത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. മറ്റ് ഫണ്ടുകൾ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് മൂലം തനത് ഫണ്ട് ബാലൻസ് സംബന്ധിച്ച് തെറ്റായ വിവരങ്ങളാണ് വാർഷിക കണക്കിൽ നിന്നും ലഭിക്കുന്നത്.

9. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

10.ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫോറം വിലയും ഇ.എം.ഡിയും ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ഹാജരാക്കിയ രേഖകൾ പ്രകാരം തൻവർഷം 304986 രൂപ തൻവർഷം മാത്രം എക്സിക്യൂട്ടീവ് എഞ്ചീനീയറിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ലഭിക്കേണ്ടതായുണ്ട്. മുൻവർഷങ്ങളിലും ഈ ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

11. ബി.15 ഷെഡ്യൂൾ പ്രകാരം ലഭിക്കാനുള്ള തുകകൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

12.സി.എഫ്.സി ഗ്രാന്റ് , എസ്.സി.പി, ടി.എസ്.പി ഫണ്ട്, വികസന ഫണ്ട് പൊതുവിഭാഗം, വാർഷിക കണക്കുകളിലെ തുകയും എ.സി.ആർ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

13.വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മന്റ് വരവ് ചെലവ് ആകെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

14. വാടക രജിസ്റ്റർ, സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

15.കുടിശ്ശിക വാടക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 2 തീയതി 14.03.2023) മറുപടി ലഭ്യമാക്കിയിട്ടല്ല.

1-10 വനിതകൾക്കായുള്ള വിപണന കേന്ദ്രം - മുറികൾ വാടകയ്ക്ക് നൽകി-രജിസ്റ്റർ ക്രമ പ്രകാരമല്ല.

പഞ്ചായത്ത് 2019-20 ൽ പണി പൂർത്തിയാക്കിയ വനിത വിപണന കേന്ദ്രത്തിൽ 9 മുറികളാണുള്ളത്. ആയത് 2019-20 മുതൽ വാടകയ്ക്ക് നൽകി വരുന്നുണ്ട്. എന്നാൽ വാടക രജിസ്റ്റർ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് എന്നിവയുടെ സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല. 2021-22 വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ ചുവടെ കൊടുക്കുന്നു.

ഡിമാന്റ് -I -3	446300
കളക്ഷൻ - RP - 43	248050
ബാലൻസ്	198250

ആയതിനാൽ ചുവടെ കൊടുക്കുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1. 2019 – 20 ൽ വാടകയ്ക്ക് നൽകിയ റൂമുകളുടെ എണ്ണം, മാസ,വാർഷിക വാടക തുക ,കളക്ഷൻ ,ബാലൻസ്

2. 2020-21 ൽ വാടകയ്ക്ക് നൽകിയ റൂമുകളുടെ എണ്ണം, മാസ,വാർഷിക വാടക തുക ,കളക്ഷൻ ,ബാലൻസ്

3. 2021-22 ൽ വാടകയ്ക്ക് നൽകിയ റൂമുകളുടെ എണ്ണം, മാസ,വാർഷിക വാടക തുക ,കളക്ഷൻ ,ബാലൻസ്

4. ഹാജരാക്കിയ ഫയൽ പ്രകാരം 2021-22 ൽ ചുവടെ കൊടുക്കുന്ന റൂമുകൾ ലേലം ചെയ്ത് നൽകിയിട്ടുണ്ട്.

ക്രമ നം	റൂം നമ്പർ	വാടകക്കാരൻ	പ്രതിമാസ വാടക തുക	കരാർ /തീയതി
1	1	കാരുണ്യ ജെ.എൽ.ജി	15,500	06/21 തീയതി 06.10.2021
2	2	കൊമ്പൻ വെട്ടിക്കുന്ന് കുടുംബശ്രീ	15,500	14/21 തീയതി 30.10.2021
3	3	കൊമ്പൻ വെട്ടിക്കുന്ന് കുടുംബശ്രീ	16,000	15 /21 തീയതി 30.10.2021
4	6	സുശീല ഗോപാലൻ സ്മാരക വനിതാ സഹകരണ സംഘം	10,500	04/21 തീയതി 06.10.2021
5	9	സുശീല ഗോപാലൻ സ്മാരക വനിതാ സഹകരണ സംഘം	10,500	05 /21 തീയതി 06.10.2021

ടി വാടകക്കാരിൽ നിന്ന് വാടക ഈടാക്കിയത് 2022 ജനുവരി മുതലാണ്. കരാറിലേർപ്പെട്ട തീയതി മുതൽ വാടക ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (07/21-22/15.03.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.2021-22 ൽ വാടക കരാറിൽ ഏർപ്പെട്ടവരിൽ നിന്നും 3 മാസത്തെ വാടക ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതും വാടകയുമായി

ബന്ധപ്പെട്ട ഫയലുകൾ ,രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

1-11-1 ബില്ലുകൾ ഹാജരാക്കിയില്ല.

പ്രോജക്ട് / നമ്പർ	ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് (30/22)
അടങ്കൽ	2,42,00,000/- (62,00,000/- (വികസന ഫണ്ട് - ജനറൽ), 80,00,000/- (മറ്റ് ഗ്രാമപഞ്ചായത്ത്) 1,00,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം))
ചെലവ്	1,27,00,000/- (62,00,000/- (വികസന ഫണ്ട് - ജനറൽ), 65,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം))
ബിൽ നമ്പർ	01/21-22/13.08.2021- 384283 02/21-22/13.08.2021-27424 03/21-22/13.08.2021-323781

04/21-22/18.08.2021-588406

05/21-22/18.08.2021-28932

06/21-22/18.08.2021- 34248

07/21-22/18.08.2021-117498

08/21-22/18.08.2021-27801

09/21-22/18.08.2021-31325

10/21-22/25.08.2021- 889812

11/21-22/25.08.2021- 236477

12/21-22/26.08.2021- 90613

13/21-22/26.08.2021-339863

14/21-22/26.08.2021-192087

15/21-22/26.08.2021-32386

16/21-22/26.08.2021-496088

17/21-22/26.08.2021- 258201

18/21-22/26.08.2021-86454

19/21-22/26.08.2021- 155410

20/21-22/26.08.2021- 23628

21/21-22/26.08.2021- 13313

22/21-22/26.08.2021- 4107

23/21-22/26.08.2021- 10425

24/21-22/31.08.2021-9906

25/21-22/31.08.2021-107069

26/21-22/31.08.2021-481980

27/21-22/31.08.2021- 39404

28/21-22/31.08.2021-80061

29/21-22/31.08.2021-107890

30/21-22/31.08.2021-300693

31/21-22/02.09.2021- 35154

32/21-22/02.09.2021-153723

33/21-22/02.09.2021-84045

35/21-22/14.09.2021-52386

36/21-22/14.09.2021-121290

37/21-22/14.09.2021-105130

38/21-22/14.09.2021- 70141

39/21-22/14.09.2021- 49733

40/21-22/20.09.2021-8833

ടി പദ്ധതിയ്ക്ക് വികസനഫണ്ടിൽ നിന്നും ചെലവഴിച്ച ബില്ലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ പ്രോജക്ട്, ബില്ലുകൾ , പാലളവ് സംബന്ധിച്ച് ക്ഷീരസംഘങ്ങൾ സമർപ്പിച്ച രേഖകൾ , സബ്സിഡി കണക്കാക്കിയതിന്റെ വിശദാംശങ്ങൾ സഹിതം ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (4/21-22/15.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹65,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-11-2 സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റായില്ല.

നിർവഹണ ഉദ്യോഗസ്ഥൻ- ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് (പ്രോജക്ട് നം. 30/22)

അടങ്കൽ - 62,00,000/- (വികസന ഫണ്ട് - ജനറൽ), 80,00,000/- (മറ്റ് ഗ്രാമപഞ്ചായത്ത്) 1,00,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് - 62,00,000/- (വികസന ഫണ്ട് - ജനറൽ), 65,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രമപഞ്ചായത്തുകളിലെ വിവിധ ക്ഷീരസംഘങ്ങളിൽപ്പെട്ട ക്ഷീരകർഷകർക്ക് പാലിന് ഒരു രൂപ തോതിൽ സബ്സിഡി നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്.

ടി പദ്ധതിയ്ക്ക് വികസനഫണ്ടിൽ നിന്നും ചെലവഴിച്ച ബില്ലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ഓഡിറ്റിന് ഹാജരാക്കിയ UTR സ്റ്റേറ്റ്മെന്റുകൾ പ്രകാരം ചില ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകിയ UTR നമ്പരുകൾ " Null “ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം	ട്രഷറി ബിൽ നം	പേര്	അക്കൗണ്ട് നം	തുക
1	01/21-22/13.08.2021	ഫാത്തിമ	40411100014244	12
2	02/21-22/13.08.2021	ആയിഷ പി വി	211001011001685	1230
3	“	സുജ	2110010111001234	1672
4	“	സാവിത്രി	211001011000946	2750

5	04/21-22/18.08.2021	സോബിൻ ഐസക്ക്	130321200423048	317
6	07/21-22/18.08.2021	ജിനി ആന്റണി	130261200422500	1678
7	“	അബ്ദുൾ റഹ്മാൻ സി	130261200422504	433
8	“	കമല	130261200422687	522
9	“	രാകേഷ് എം കെ	130261200422602	2093
10	“	താജുദ്ദീൻ	130261200420993	615
11	“	ബിജു	46488100007179	1554
12	08/21-22/18.08.2021	അജിത് കുമാർ ആർ വി	130261200422432	904
13	10/21-22/25.08.2021	ജോയ്	130241200422979	1459
14	“	വർഗ്ഗീസ് കെ	130241200422826	1374
15	“	നാരായണൻകുട്ടി	130241200422927	1013
16	“	മനോജ് കുമാർ വി ടി	130241200423512	562
17	16/21-22/26.08.2021	ദേവസ്യ പി.ടി	130321200421327	307
18	“	ലിസ്സി ജോസ്	130321200421206	3694
19	“	അഗസ്റ്റി	130321200421573	1146
20	“	ജയ	130321200422734	633

21	17/21-22/26.08.2021	ഷൈനി ജെയിംസ്	130201200422668	270
22	“	ബിന്ദു ജോസ്	130201200422762	2151
23	“	മനോജ്	130261200422388	424
24	“	ഷൈനി ഷിബു	130261200422418	967
25	“	തോമസ് പി സി	130261200422457	1289
26	“	ചന്ദ്രിക	130051200424621	915
27	“	റോസ്‌ലി	130261200422476	780
28	19/21-22/26.08.2021	ഷാജി സി എം	130051200423695	572
29	20/21-22/26.08.2021	ഡയറക്ടർ	130202200421845	3304
30	“	രാമൻ എൻ	130261200421672	815
31	“	സാലി ജോസ്	130261200421522	925
32	“	ഫാ. സുപ്പീരിയർ	130261200421884	1129
33	“	കൗസല്യ ചന്ദ്രൻ	130261200422322	1284
34	“	നളിനി	130261200422468	344
35	26/21-22/31.08.2021	വിനോദ് കുമാർ	130241200422478	233
36	“	ആൻസി എം ജെ	130241200422701	1186
37	“	ധനേഷ് എൻ	130241200423052	3563
38	“	ഊർമിള	130241200420435	268

39	“	അജിഷ്	130241200422106	124
40	“	ജോണി ജോസഫ്	130241200421423	1133
41	“	ചാക്കോ	130241200422540	66
42	“	ഗിരിജ എ.എസ്	130241200422527	1475
43	“	കോമള പി ജി	130241200422630	674
44	28/21-22/31.08.2021	ജോസ്ന എൻ എം	130241200424700	1724
45	“	ഹംസ	130241200424165	12130
46	“	ഗോപി ടി കെ	130241200424335	3477
47	“	മാരിയപ്പൻ	130241200424124	3105
48	“	ബാബു എം.സി	130241200424163	311
49	“	കേളു ടി	130241200421524	864
50	“	മനോജ് കെ ജെ	130241200424189	122
51	“	തോമസ് വി ജെ	130241200424126	1312
52	“	ജോർജ്ജ്	130241200424122	2089
53	“	ചാക്കോ കെ ജെ	1302421200400128	953
54	“	ഉഷ	130241200424137	2533
55	“	ദാമോദരൻ	130241200424175	379
56	“	ജോളി	130241200424208	874
57	“	ലക്ഷ്മി ചന്ദ്രൻ	130241200424192	1686
58	“	എൽസി പ്രദീപ്	130241200424016	2319
59	“	ഷീബ ബിജു	130241200424169	529

60	“	ഗിരീഷ്	130241200423130	425
61	“	ഏലിക്കുട്ടി	130241200424133	319
62	“	സിറാജുദ്ദീൻ	130241200424165	2542
63	“	ബേബി അലക്സാണ്ടർ	130241200400160	1618
64	“	സുരേഷ് ബാബു	130241200424182	510
65	“	നിമ്മി മാത്യു	130241200424114	300
66	“	മുസ്തഫ	130241200424165	2274
67	“	ഖദീജ	130241200421858	981
68	“	റീന ജോസഫ്	1302412004242825	928
69	“	അബ്ബാസ്	130241200424165	2405
70	29/21-22/31.08.2021	സുനിൽ മാത്യു	4048810001248	148
71	30/21-22/02.09.2021	ഷേർലി	130231200429909	980
72	“	ദേവു വെള്ളൻ	130231200426834	743
73	32/21-22/02.09.2021	മിനി വർക്കി	130251200422255	853
74	“	ഗോപി പി കെ	130251200422774	319
75	“	ലക്ഷ്മി കെ എം	130251200422140	647
76	“	അബ്രഹാം സി ജെ	130251200422372	385

77	“	സ്റ്റീഫൻ പി കെ	130251200422130	258
78	“	കേളു വി എം	130251200422555	322
79	“	കുഞ്ഞാമൻ	130251200423208	139
80	“	സിജോം ജോസ്	130251200423388	568
81	“	ഗംഗാധരൻ എം കെ	130251200422643	549
82	“	കുംഭ	130251200423449	784
83	“	ജോബി	130251200420300	989
84	“	സന്തോഷ് കെകെ	130251200423149	319
85	35/21-22/14.09.2021	കുഞ്ഞികൃഷ്ണൻ പി കെ	130251200423067	253
86	“	മധു പ്രസാദ് സി.എച്ച്	211001231000026	1908
87	“	സകുമാരൻ നായർ	40656101021684	409
88	“	അച്ചപ്പൻ	211001011001150	405
89	“	തോമസ്	211001011001775	187
90	“	ഏലിയാമ്മ	211001011001258	945
91	“	ബാലകൃഷ്ണൻ	211001011001718	585
92	“	റാണി	211001011001178	96

93	36/21-22/14.09.2021	സ്മിത സജി	130251200423532	452
94	“	ശാരദ	211001011001151	663
95	“	ലില്ലി കുട്ടി	211001011001193	1275
96	“	ഷൈനി	211001011001242	299
97	“	അപ്പച്ചൻ	211001011000008	1015
98	“	ജോസഫ്	211001011001402	2690
99	“	രാമചന്ദ്രൻ	211001011000209	556
100	“	ജോണി പി സി	211001011001170	1700
101	“	ഡേവിഡ് മാത്യു	211001011000323	481
102	“	മത്തായി	211001011000563	449
103	“	ടോമി	211001011000095	299
104	“	സരോജിനി ശ്രീധരൻ	211001011001175	1440
105	“	മുനീർ	211001011000952	3169
106	“	ബെന്നി	211001011000061	158
107	“	രാജൻ	211001011001172	602
108	37/21-22/14.09.2021	അബ്രഹാം എൻ എം	130251200420598	191
109	“	സിസിലി	211001011001217	187
110	“	റെജി സി എസ്	211001011001154	1923
111	“	ലാലി സാജി	211001011000554	14393

112	“	ജോഷി ജോർജ്ജ്	211001011000650	454
113	“	ജോർജ്ജ്	211001011000447	1862
114	“	സിബി	211001011001447	5202
115	“	അജിത സതീശൻ	211001011001145	1014
116	38/21-22/14.09.2021	വത്സല കെ	130251200423808	625
117	“	മാധവി എം	130251200422009	535
118	“	ജോണി എൻ എ	130251200422222	565
119	“	രാധാകൃഷ്ണ വാര്യർ	211001011002103	1317
120	39/21-22/14.09.2021	രാജൻ എം	130251200423527	222
121	“	തോമസ് കെ എ	130251200420142	219
122	“	സന്തോഷ്	130251200423652	463
123	“	ചെമ്പൻ	130251200422398	653
				1,52,432

ഇത്തരത്തിൽ ക്രെഡിറ്റാകാത്ത തുക ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകപയറിക്ക് (5/21-22/15.03.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ₹1,52,432/- രൂപ തടസ്സപ്പെടുത്തുന്നു.

1-11-3 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(105/22)- രേഖകൾ ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ – ഡയറി എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ- 58,95,530/- (മറ്റ് ഗ്രാമപഞ്ചായത്തുകൾ)

ചെലവ് - 25,96,594/-

ക്യാഷ് ബുക്ക്, ട്രഷറി ബിൽ ബുക്ക്, സബ്സിഡിയറി രജിസ്റ്റർ , പ്രോജക്ട് രജിസ്റ്റർ ,ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ട്, ബില്ലുകൾ , പാലളവ് സംബന്ധിച്ച് ക്ഷീരസംഘങ്ങൾ സമർപ്പിച്ച രേഖകൾ , സബ്സിഡി കണക്കാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകപയറിക്ക് (4/21-22/15.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകൾ ഹാജരാക്കാത്തതിനാൽ ₹25,96,594/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-11 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അപാകതകൾ

ഡയറി എക്സ്റ്റൻഷൽ ഓഫീസർ 2021-22 ൽ നടപ്പാക്കിയ പദ്ധതികളഇലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1-12 സായാഹ ഒ പി ഡോക്ടർമാരുടെ വേതനം- ആദായ നികുതി , തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

1) നിർവ്വഹണം- മെഡിക്കൽ ഓഫീസർ സി എച്ച് സി പേരിയ

ക്രമ നം.	പ്രോജക്ട്	ചെലവ് തുക	വൗച്ചർ നം., /

			ബിൽ നം തീയതി
1	പ്രോജക്ട് നം 48/22 പേരിയ സായാഹ്ന ഒ പി ഡോക്ടർമാരുടെ വേതനം അടങ്കൽ- 7,00,000 CFC	6,98,460	1)1/9.6.21 199380 2) 2/14.7.21 54200 3) 3/16.8.21 54200 4) 7/12.10.21 54200 5) 20/7.1.22 54200 6)26/3.2.22 54200 7)32/23.3.22 65480 8)6/8.9.21 54200 9)12/9.12.21 108400

മേൽ തുകയിൽ ഡോ.ജിഷ്ണുവിന് 4,16,180 രൂപയും ഡോ.അനിൽ പ്രതാപിന് 65480 രൂപയും ഡോ.ഇഹ്ജാസ് ഇസ്മയിലിന് 216800 രൂപയും ആണ് നൽകിയത്. മേൽ വ്യക്തികളിൽ നിന്ന് ഈടാക്കിയ ആദായ നികുതി, തൊഴിൽ നികുതി എന്നിവയുടെ വിവരം അറിയിക്കേണ്ടതാണ്.

1-13 മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

നിർവ്വഹണം -മെഡിക്കൽ ഓഫീസർ സി എച്ച് സി പേരിയ

ക്രമ നം.	പ്രോജക്ട്	ചെലവ് തുക	വൗച്ചർ നം., / ബിൽ നം തീയതി
1	പ്രോജക്ട് നം 34/22 നല്ലൂർനാട് ഡയാലിസിസ് സെന്ററിന് മരുന്നും ഉപകരണങ്ങളും വാങ്ങൽ അടങ്കൽ- 15,29,000 (MG N-R)	15,18,051	295/11.2.22 പ്രകാരം 4,99,996 രൂപയുടെ മരുന്ന് വാങ്ങിക്കുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക നൽകി

നാളിതുവരെ 3,76,680 രൂപയുടെ മരുന്ന് ആണ് ലഭിച്ചത്. 1,23,316 രൂപയുടെ മരുന്ന് ലഭിച്ചില്ല.1,23,316 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

1-14 കനിവ് -സഞ്ചരിക്കുന്ന ആതുരാലയം-താൽകാലിക ജീവനക്കാരിൽ നിന്നും ആദായ നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

നിർവ്വഹണം -മെഡിക്കൽ ഓഫീസർ സി എച്ച് സി പേരിയ

ക്രമ നം.	പ്രോജക്ട്	ചെലവ് തുക	വൗച്ചർ നം., / ബിൽ നം തീയതി
1	പ്രോജക്ട് നം 31/22 കനിവ് -സഞ്ചരിക്കുന്ന ആതുരാലയം അടങ്കൽ- 42,00,000 (ജനറൽ- 34,00,000 സി എഫ് സി- 8,00,000)	41,56,931 (ജനറൽ- 33,95,658 സി എഫ് സി- 7,61,273)	1) 269/1.2.22 126700 2) 295/15.2.22 51762 3)352/7.3.22 126700 4)133/21.10.21 89200 5)160/11.11.21 155381 6)200/16.12.21 126700 7)226/6.1.22 89200 8)261/25.1.22 13987 9)426/24.3.22 126700 10)135/21.10.21 179210 11)162/22.11.21 56250

			12)204/20.12.21 348642 13)206/20.12.21 76913 14) 213/29.12.21 630246 15)227/6.1.22 64380 16)259/25.1.22 376104 17)294/15.2.22 1518856 18)295/15.2.22 51762

മേൽ പ്രോജക്ടിൽ താഴെ പറയുന്ന വിധത്തിൽ താൽകാലിക ജീവനക്കാർക്ക് വേതനം നൽകിയിട്ടുണ്ട്.

1)ഡോ.രഹീഷ ബാനു, ഡോക്ടർ - 4,33,600 രൂപ

2)അക്ഷയ് കുമാർ , ഫാർമസിസ്റ്റ് - 1,02,000 രൂപ

3)രാഗേന്ദു ബി, സ്റ്റാഫ് നഴ്സ് - 1,08,000 രൂപ

മേൽ വ്യക്തികളിൽനിന്ന് ഈടാക്കിയ ആദായ നികുതി, തൊഴിൽ നികുതി എന്നിവയുടെ വിവരം അറിയിക്കേണ്ടതാണ്.

1-15 വനിതാ സ്നേഹ തീരം -കെട്ടിടം മാനന്തവാടി - പ്രവർത്തനക്ഷമമായില്ല.

നിർവഹണം-അസി.എക്സിക്യുട്ടീവ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ -153/19, 114/20, 130/22

പ്രോജക്ട് - വനിതാ സ്നേഹ തീരം -കെട്ടിടം

അടങ്കൽ -80 ലക്ഷം രൂപ

ബഹുവർഷ പ്രോജക്ട്

(2018-19 – 25 ലക്ഷം രൂപ, 2019-20 - 20ലക്ഷം രൂപ, 2020-21 35 ലക്ഷം രൂപ)

ഫണ്ട്-വികസനഫണ്ട്- ജനറൽ

ചെലവഴിച്ച തുക -63,30,222

മാനന്തവാടിയിൽ എത്തുന്ന വനിതകൾക്ക് താമസിക്കുന്നതിനായിതയ്യാറാക്കിയ പ്രോജക്ട് ആണ് വനിതാ സ്നേഹ തീരം -കെട്ടിടം.എട്ട് റൂമുകൾ, അടുക്കള, ഡൈനിംഗ് റൂം, സ്റ്റോർ,ഓഫീസ് റൂം എന്നിവയുടെപ്രവൃത്തി പൂർത്തികരിച്ചു.എന്നാൽ സാനിറ്ററി സംവിധാനങ്ങൾ പൂർണ്ണമല്ലാത്തതിനാൽ കെട്ടിടം ഉപയോഗിക്കാൻ ആരംഭിച്ചിട്ടില്ലഇത്തരത്തിൽ പദ്ധതി നടപ്പാക്കുന്നത് പൊതുഫണ്ടിന്റെ ദുരുപയോഗമാണ്. വനിതാ സ്നേഹ തീരം കെട്ടിടം മാനന്തവാടി പ്രവർത്തനക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 നെൽകൃഷി പ്രോത്സാഹനം - കൂലി ചെലവ് നൽകൽ - ബില്ലുകൾ, ട്രഷറി ബിൽ ബുക്ക്, ക്യാഷ് ബുക്ക് എന്നിവ ഹാജരാക്കിയില്ല

അടങ്കൽ –25,01,870/ (വികസനഫണ്ട് പൊതുവിഭാഗം)
ചെലവ് – 25,01,870/ (വികസനഫണ്ട് പൊതുവിഭാഗം)
അസിസ്റ്റന്റ് ഡയറക്ടർ കൃഷി നിർവഹണ ഉദ്യോഗസ്ഥനായി 2021- 22 ലെ ചെലവ് പത്രിക പ്രകാരം നടപ്പാക്കിയ നെൽകൃഷി പ്രോത്സാഹനം -കൂലിച്ചെലവ് സബ്സിഡി ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ എന്ന പദ്ധതിക്ക് 25,01,870/- രൂപ ചെലവുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് UTR സ്റ്റേറ്റുമെന്റുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. പ്രോജക്ട്, ക്യാഷ് ബുക്ക്, സബ്സിഡിറി രജിസ്റ്റർ, ബില്ലുകൾ മറ്റ് അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റിന് 16.03.2023 നകം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് ഓഡിറ്റ് എൻകുയറി (3/ 21-22/15.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകളും മറുപടിയും ലഭ്യമാകുന്നില്ലായെങ്കിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(2), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15,16 വകുപ്പുകൾ എന്നിവ പ്രകാരം രേഖകൾ നിലവില്ലായെന്നും , ഒന്നും ബോധിപ്പിക്കാനില്ലായെന്നും കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ടി പദ്ധതിക്കായി ചെലവഴിച്ച ആകെ തുക 25,01,870/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-17 ചെയ്യാത്ത പ്രവൃത്തികളുടെ തുക BOQ തുകയിൽ നിന്നും കുറക്കുന്നതിന് പകരം ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും കുറച്ചു അധിക ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് BOQ പ്രകാരം തുക അംഗീകരിച്ച് പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം ചെയ്യാത്ത പ്രവൃത്തികളുടെ തുക BOQ തുകയിൽ നിന്നും കുറവ് വരുത്താതെ മുഴുവൻ തുകയും

നൽകിയതിനാൽ അധിക തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം.- 125/22

പ്രോജക്ടിന്റെ പേര്- ചേമ്പിലോട് എസ്.സി നടപ്പാത്ത കോൺക്രീറ്റ്

അടങ്കൽ - എസ്.സി.പി - 500000

കരാറുകാരന്റെ പേര് - അമീർ അലി. വി

BOQ പ്രകാരം തുക ടെണ്ടർ അംഗീകരിച്ച തുക – 353508.48

ബിൽ നം. CBV 32/2021-22 തീയതി 07.03.2022 തുക 395929

ചെയ്യാത്ത പ്രവൃത്തി - എസ്റ്റിമേറ്റ് ഇനം. 3 പ്രവൃത്തിയോടൊപ്പം നടത്തേണ്ട സെന്ററിംഗ് പ്രവൃത്തി തുക

എം.ബുക്ക് 41/16-17 പേജ് 18-25

തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

എം.ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം - 361391.61

ചെയ്യാത്ത പ്രവൃത്തി (സെന്ററിംഗ്) യൂടെ മൂല്യം കുറക്കുക - 5729.69

ബാക്കി - 355661.92

BOQ പ്രകാരമുള്ള തുകയിലേക്ക് പരിമീതപ്പെടുത്തിയതിനാൽ നൽകിയ തുക = 353508.

ജി.എസ്.റ്റി 12% = 42421

ആകെ നൽകിയ തുക = 395929

<u>നൽകേണ്ട തുക</u>

BOQ പ്രകാരമുള്ള തുക = 353508

കുറയ്ക്കുക ചെയ്യത്താ (സെന്ററിംഗ്) പ്രവൃത്തിയുടെ തുക - 5729.69

ബാക്കി - 347778.

ജി.എസ്.റ്റി 12% - 41733.

ആകെ - 389511

അധികം നൽകിയത് = 395929 - 389511 = 6418 രൂപ

അധികം നൽകിയ തുക – 5729.69+12% ജി.എസ്.റ്റി - 6418 രൂപ (5729.69+687.5)

2.പ്രോജക്ട് നം.- 136 /20

അടങ്കൽ - ധനകാര്യ കമ്മീഷൻ അവാർഡ് - 1000000

കരാറുകാരന്റെ പേര് - അമീർ അലി. വി

BOQ പ്രകാരം തുക ടെണ്ടർ അംഗീകരിച്ച തുക - 701804

ബിൽ നം. CBV 33/2021-22 തീയതി 07.03.2022 തുക 786020

ചെയ്യാത്ത പ്രവൃത്തി - എസ്റ്റിമേറ്റ് ഇനം. 4 പ്രവൃത്തിയോടൊപ്പം നടത്തേണ്ട സെന്ററിംഗ് പ്രവൃത്തി തുക

എം.ബുക്ക് 2/16-17 പേജ് 13-23

തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

എം.ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം - 723284.60

ചെയ്യാത്ത പ്രവൃത്തി (സെന്ററിംഗ്) യൂടെ മൂല്യം കുറക്കുക - 13519.18

ബാക്കി - 709768.42

BOQ പ്രകാരമുള്ള തുകയിലേക്ക് പരിമീതപ്പെടുത്തിയതിനാൽ നൽകിയ തുക = 701804

ജി.എസ്.റ്റി 12% = 84216

ആകെ നൽകിയ തുക = 786020

നൽകേണ്ട തുക

BOQ പ്രകാരമുള്ള തുക - 701804

കുറയ്ക്കുക ചെയ്യത്താ (സെന്ററിംഗ്) പ്രവൃത്തിയുടെ തുക - 13516.18

ബാക്കി - 688287.82

ജി.എസ്.റ്റി 12% - 82594.53

ആകെ - 770881.71

അധികം നൽകിയത് = 786020 -770881 = 15138 രൂപ

അധികം നൽകിയ തുക –13516.18+12% ജി.എസ്.റ്റി - 15138 രൂപ (13516.18+1621.94)

മേൽ പ്രവൃത്തികളിൽ ചെയ്യാത്ത സെന്ററിംഗ് പ്രവൃത്തികളുടെ തുക nBOQ തുകയിൽ നിന്നും കുറച്ചതിന് ശേഷമാണ് തുക അനുവദിക്കേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്, മേൽ പ്രവൃത്തികളുടെ ആകെ പ്രവൃത്തി മൂല്യം കണക്കാക്കി ആയതിൽ നിന്നും ചെയ്യാത്ത സെന്ററിംഗ് പ്രവൃത്തികളുടെ തുക കുറവ് ചെയ്തതിന് ശേഷം വരുന്ന തുക BOQ തുകയിൽ പരിമിതപ്പെടുത്തി തുക അനുവദിച്ചതിനാൽ 21556 (6418+15138) രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

